# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1952** — **07.03.2017-ൽ മറുപടിക്ക്**

## യുവനടിയെ ആക്രമിച്ച കേസ്

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | യുവനടിയെ ആക്രമിച്ച കേസിൽ ഇതുവരെ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | യുവനടിയെ ആക്രമിച്ച കേസുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 297/17 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ആലുവ ഡി.വൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവർ ആരെല്ലാ-മെന്നും വ്യക്തമാക്കുമോ; ഇവരുടെ പേരിൽ മറ്റേതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ ഈ കേസ്സുകളും കേസ്സുകൾ എവിടെയെ-ല്ലാമെന്നും വിശദമാക്കാമോ; | (ബി) | മേൽ പറയുന്ന കേസിൽ ആകെ 7 പ്രതികളുണ്ട്. 7 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരുവിവരവും അവർ ഉൾപ്പെട്ടിട്ടുള്ള മറ്റ് കേസ്സുകളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കേസിനു പിന്നിൽ ഏതെങ്കിലും ഗൂഢാലോചന നടന്ന-തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഗൂഢാലോചന ഉണ്ടോ എന്നതിനെപ്പറ്റിയും അന്വേഷണം നടന്നു വരുന്നു. |
| (ഡി) | ഒരു മാസത്തോളം നീണ്ട ആസൂത്രണത്തിന് ശേഷമാണ് പദ്ധതി നടപ്പിലാക്കിയതെന്ന വാർത്തയെപ്പറ്റി അന്വേഷണം നടത്തുമോ; | (ഡി) | പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിന്മേലും സമഗ്രമായ അന്വേഷണം നടന്നുവരികയാണ്. |
| (ഇ) | പ്രസ്തുത കേസന്വേഷണത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വിശദമാക്കാമോ; | (ഇ) | ഈ കേസ്സിന്റെ പ്രാധാന്യം പരിഗണിച്ച് 18.02.2017 തീയതി സംസ്ഥാന പോലീസ് മേധാവി ഉത്തരവ് നം. ഡി3/26920/2017/ പി.എച്ച്.ക്യു. തീയതി 18.02.2017 പ്രകാരം ഈ കേസ്സിന്റെ അന്വേഷണത്തിനായി ദക്ഷിണ മേഖലാ എ.ഡി.ജി.പി. ശ്രീമതി.ബി.സന്ധ്യ ഐ.പി.എസ്. -ന്റെ മേൽ നോട്ടത്തിൽ ഉത്തര മേഖല ഐ.ജി.പി. (ക്രൈംസ്) ശ്രീ. ദിനേന്ദ്ര കശ്യപ് ഐ.പി.എസ്., കൊച്ചി മേഖലാ ഐ.ജി.പി. ശ്രീ. പി. വിജയൻ ഐ.പി.എസ്., എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി. ജോർജ്ജ് ഐ.പി.എസ്., കൊച്ചി സിറ്റി ഡി.സി.പി. (L/O) ശ്രീ. ജി.എച്ച്.യതീഷ്ചന്ദ്ര ഐ.പി.എസ്., ആലുവ ഡി.വൈ.എസ്.പി. ശ്രീ.കെ.ജി.ബാബു കുമാർ, |

കൊച്ചി സിറ്റി ഇൻഫോപാർക്ക് W.C.I. ശ്രീമതി പി.കെ. രാധാമണി എന്നിവർ അടങ്ങുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും അന്വേഷണം നടത്തിവരുന്നതുമാണ്.

| | |
|---|---|
| (എഫ്) പ്രസ്തുത കേസിന്റെ അന്വേഷണം സംബന്ധിച്ച് കേരള മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ ഫോർ എക്സാമിനേഷൻ ഓഫ് സർവയ്‌വേഴ്സ് ഓഫ് സെക്ഷ്വൽ ഒഫൻസ്-2015 നിബന്ധന പാലിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (എഫ്) പാലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പ്രതികളുടെ പേര് | പ്രതികളുടെ പേരിൽ ഉണ്ടായിരുന്ന കേസ്സുകളുടെ വിവരം |
|---|---|---|
| 1) | മാർട്ടിൻ, S/o. ആന്റണി | കൊരട്ടി പി.എസ്. ക്രൈം നമ്പർ 249/12 u/s 118(e) of KP Act (fined) |
| 2) | പ്രദീപ്, S/o. ഉഷ | മറ്റ് കേസ്സുകളില്ല |
| 3) | സലീം, S/o. ഹസ്സൻ | മറ്റ് കേസ്സുകളില്ല. |
| 4) | മണികണ്ഠൻ, S/o. ബാബു | 1. പാലാരിവട്ടം പി.എസ്. ക്രൈം നം. 312/12 u/s. 279 IPC & 185 of MV Act.<br>2. പാലാരിവട്ടം പി.എസ്. ക്രൈം നം. 2220/12 u/s. 279 IPC & 185 of MV Act.<br>3. പാലാരിവട്ടം പി.എസ്. ക്രൈം നം. 402/14 u/s. 279 IPC & 185 of MV Act.<br>4. പാലാരിവട്ടം പി.എസ്. ക്രൈം നം. 448/14 u/s. 279 IPC & 185 of MV Act.<br>5. പീച്ചി പി.എസ്. ക്രൈം നം. 1182/13 u/s. 279 IPC & 185 of MV Act. |
| 5) | വിജീഷ്, S/o. രാമകൃഷ്ണൻ | 1. കതിരൂർ പി.എസ്. ക്രൈം നമ്പർ 742/12 u/s. 153, 506(i), 294(b) & 34 IPC (Acquitted).<br>2. കാലടി പി.എസ്. ക്രൈം നം. 3342/15 u/s. 15(c) of Abkari Act. |
| 6) | സുനിൽ @ പൾസർ സുനിൽ, S/o, സുരേന്ദ്രൻ | 1. കോടനാട് പി.എസ്. ക്രൈം നം. 220/06 u/s. 379, 201 & 34 IPC (Convicted).<br>2. സെൻട്രൽ പി.എസ്. ക്രൈം നം. 1293/06 u/s. 379 & 34 IPC(PT).<br>3. അമ്പലമേട് പി.എസ്. ക്രൈം നം. 398/08 u/s. 20(b)(ii)(a) of NDPS Act (Convicted).<br>4. ചേരനെല്ലൂർ പി.എസ്. ക്രൈം നം. 615/11 u/s. 393 IPC (PT).<br>5. കിടങ്ങൂർ പി.എസ്. ക്രൈം നം. 374/14 u/s 394, 120(B) & 34 IPC (PT).<br>6. രാമങ്കരി പി.എസ്. ക്രൈം നം. 113/06 u/s. 379 & 34 IPC (Convicted).<br>7. അത്തൂർ പി.എസ്. ക്രൈം നം. 9/12 u/s. 379, 465, 414, 411 & 34 IPC (UI). |
| 7) | ചാർളി തോമസ്സ്, S/o. തോമസ്സ് | മറ്റ് കേസ്സുകളില്ല. |

സെക്ഷൻ ഓഫീസർ